"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

**2022-ൽ ഇംഗ്ലണ്ടിലെ ബർമിംഗ്ഹാമിൽ വെച്ച് നടന്ന 22-ാമത് കോമൺവെൽത്ത് ഗെയിംസിൽ ഇന്ത്യക്ക് വേണ്ടി രണ്ട് മെഡലുകൾ നേടിയ കുമാരി ട്രീസ ജോളി-ക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**പൊതുഭരണ (സർവീസസ് - ഡി) വകുപ്പ്**

സ.ഉ.(കൈ) നം.21/2026/GAD   തീയതി,തിരുവനന്തപുരം, 04-03-2026

---

പരാമർശം:-
1. 20/05/2006 ലെ സ.ഉ.(കൈ) നം. 127/2006/ജിഎഡി
2. 23/07/2014 ലെ സ.ഉ.(അച്ചടി) നം. 206/2014/ജിഎഡി
3. 23/03/2018 ലെ സ.ഉ.(കൈ) നം. 71/2018/പൊഭവ
4. 13/12/2019 ലെ സ.ഉ.(കൈ) നം. 244/2019/ജിഎഡി
5. 02/09/2022 ലെ സ.ഉ.(കൈ) നം. 7/2022/എസ്&വൈഎ
6. 04/07/2023 ലെ സ.ഉ.(കൈ) നം. 103/2023/പൊഭവ
7. 24/01/2024 ലെ സ.ഉ.(കൈ) നം. 9/2024/ജിഎഡി
8. കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറിയുടെ 25/08/2025 ലെ KSSC/1000/2025-E1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2022 ജൂലായ് 28 മുതൽ ആഗസ്റ്റ് 8 വരെ ഇംഗ്ലണ്ടിലെ ബർമിംഗ്ഹാമിൽ വെച്ച് നടന്ന 22-ാമത് കോമൺവെൽത്ത് ഗെയിംസിൽ ഇന്ത്യക്ക് വേണ്ടി മെഡലുകൾ നേടിയ ശ്രീ. എൽദോസ് പോൾ, ശ്രീ. അബ്ദുള്ള അബൂബക്കർ, ശ്രീ. ശ്രീശങ്കർ എം, കുമാരി ട്രീസ ജോളി എന്നിവർക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസൃതമായി സ്പോർട്സ് ക്വാട്ട നിയമനത്തിന് മാറ്റിവെച്ചിട്ടുള്ള 50 ഒഴിവുകളിൽ നിന്നും നാല് ഒഴിവുകൾ നീക്കിവെച്ച് നിയമനം നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് പരാമർശം (5) പ്രകാരം ഉത്തരവായിരുന്നു. കായികതാരങ്ങളുടെ അടിസ്ഥാന യോഗ്യത പരിഗണിച്ച് യുക്തമായ നിർദ്ദേശങ്ങൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ സർക്കാരിൽ സമർപ്പിക്കേണ്ടതാണെന്നും പരാമർശം (5) ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു.

2. പരാമർശം (5) ഉത്തരവിൽ പറഞ്ഞിട്ടുള്ള കായികതാരങ്ങളിൽ ബാഡ്മിന്റണിൽ ഇന്ത്യക്കുവേണ്ടി രണ്ട് മെഡലുകൾ നേടിയ കുമാരി ട്രീസ ജോളിക്ക് നിയമനം നൽകുന്നതിലേക്കായി പരാമർശം (8) പ്രകാരം കേരള

സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറി ശിപാർശ സമർപ്പിച്ചിട്ടുണ്ട്. കുമാരി ട്രീസ ജോളി കോമൺവെൽത്ത് ഗെയിംസിൽ രണ്ട് മെഡലുകൾ നേടിയത് കൂടാതെ മറ്റ് നിരവധി അന്താരാഷ്ട്ര മത്സരങ്ങളിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് മികച്ച നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. പരാമർശം (5) ഉത്തരവ് പുറപ്പെടുവിക്കുന്ന സമയത്ത് ഹയർസെക്കന്ററി പരീക്ഷ വിജയിച്ചിട്ടുള്ളതിനാൽ ടിയാൾക്ക് ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് അർഹതയുണ്ട്.

**3.** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. **2022** ജൂലായ് **28** മുതൽ ആഗസ്റ്റ് **8** വരെ ഇംഗ്ലണ്ടിലെ ബർമിംഗ്ഹാമിൽ വെച്ച് നടന്ന **22**-ാമത് കോമൺവെൽത്ത് ഗെയിംസിൽ ഇന്ത്യക്ക് വേണ്ടി രണ്ട് മെഡലുകൾ നേടി അഭിമാനകരമായ പ്രകടനം കാഴ്ചവെച്ച കുമാരി ട്രീസ ജോളി-ക്ക് സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമിക്കുന്നതിന് സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. കുമാരി ട്രീസ ജോളിയെ നിയമിക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന കാര്യാലയത്തിൽ ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

| നിയമിക്കേണ്ട കായികതാരത്തിന്റെ പേരും മേൽ വിലാസവും | തസ്തികയും ശമ്പളസ്കെയിലും | സൂപ്പർന്യൂമററി തസ്തിക സൃഷ്ടിക്കുന്ന കാര്യാലയം |
|---|---|---|
| കുമാരി ട്രീസ ജോളി<br>തൈക്കൽ, ചുണ്ട പി.ഒ,<br>ചെറുപുഴ, കണ്ണൂർ. **670511** | ക്ലാർക്ക്<br>**(₹ 26,500 - 60,700/-)** | സ്റ്റേറ്റ് ടാക്സ് ഓഫീസറുടെ കാര്യാലയം, ടാക്സ് പേയർ സർവീസസ് സർക്കിൾ, പയ്യന്നൂർ, കണ്ണൂർ. |

**4.** കുമാരി ട്രീസ ജോളിയുടെ നിയമനം പരാമർശം (2) ഉത്തരവിലെ അപ്പെന്റിക്സിലെ ഖണ്ഡിക (13), (14) എന്നിവയിലെ ചുവടെ ചേർത്തിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായിരിക്കും.

*"(13) The Rules in the Kerala State and Subordinate Service Rules, 1958 and the Special Rules in regard to age, probation etc., shall apply to the sports persons appointed under the scheme but the rules regarding reservation of appointments shall not apply.*

*(14) Rules regarding verification of character and antecedents shall apply in the case of candidates appointed under the scheme. The candidates allotted for appointment under the scheme shall be initially appointed temporarily under General Rules 9(a) (I) of part II of the Kerala State and Subordinate Service Rules, 1958 and regularized later after their character and antecedents have been verified and found to be satisfactory."*

**5.** കുമാരി ട്രീസ ജോളിക്ക് ദൈനംദിന കായികപരിശീലനത്തിന് അവസരം ലഭിക്കുന്നതിലേക്കായി ടിയാൾ പ്രതിദിനം പൂർവാഹ്നം അല്ലെങ്കിൽ അപരാഹ്നം ജോലിക്ക് ഹാജരായാൽ മതിയാകുന്നതാണ്. ടിയാളുടെ സർവ്വീസ്, അവധി തുടങ്ങിയവ സംബന്ധിച്ച് പരാമർശം (1), (4), (6), (7) ഉത്തരവുകളിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. ഈ ഉത്തരവ് പ്രകാരം സൃഷ്ടിക്കുന്ന സൂപ്പർന്യൂമററി തസ്തികയുടെ കാലാവധി ടിയാൾക്ക് 35 വയസ് പൂർത്തിയാകുന്നത് വരെയോ, കായികരംഗത്ത് നിന്നും വിരമിക്കുന്നത് വരെയോ മറ്റേതെങ്കിലും കാരണത്താൽ തസ്തിക സൃഷ്ടിക്കപ്പെട്ട ഓഫീസിലെ തസ്തികയിൽ നിന്നും വിടുതൽ ചെയ്യുകയോ എന്നിവയിൽ ഏതാണോ ആദ്യം വരുന്നത് അത് വരെയായിരിക്കും. അതിന് ശേഷം ടി തസ്തിക സ്വമേധയാ ഇല്ലാതാകപ്പെടുന്നതാണ്. കുമാരി ട്രീസ ജോളി കായികരംഗത്ത് നിന്ന് വിരമിക്കുകയാണെങ്കിൽ അക്കാര്യം നിയമനാധികാരിയെ രേഖാമൂലം അറിയിക്കേണ്ടതും, നിയമനാധികാരി പരാമർശം (7) ലെ വ്യവസ്ഥകൾക്കനുസരിച്ച് റെഗുലർ ഒഴിവിലേക്ക് ഉൾക്കൊള്ളിക്കേണ്ടതുമാണ്. 35 വയസിന് ശേഷം കായികരംഗത്ത് തുടരാൻ ആഗ്രഹിക്കുകയാണെങ്കിൽ പരാമർശം (1) ലെ നാലാം ഖണ്ഡികയിലെ നിബന്ധനകൾക്കനുസൃതമായി നടപടികൾ സ്വീകരിക്കേണ്ടതാണ്. ടിയാളുടെ നിയമനത്തിന് ആനുപാതികമായി 2023 ലെ സ്പോർട്സ് ക്വാട്ട നിയമനത്തിൽ നിന്നും ഒരു ഒഴിവ് സർക്കാർ കുറവ് വരുത്തുന്നതാണ്.

**6.** സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് കമ്മീഷണർ കുമാരി ട്രീസ ജോളി-ക്ക് അടിയന്തിരമായി നിയമന ഉത്തരവ് നൽകി ജോലിയിൽ പ്രവേശിപ്പിക്കേണ്ടതാണ്. ടിയാളെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരമുള്ള നിയമനങ്ങൾക്ക് അനുവർത്തിക്കുന്നതുപോലെ സർട്ടിഫിക്കറ്റുകൾ / രേഖകൾ നിയമനാധികാരി പരിശോധിക്കേണ്ടതാണ്. ഈ ഉത്തരവ് നടപ്പിലാക്കിയ വിവരവും കുമാരി ട്രീസ ജോളി ജോലിയിൽ പ്രവേശിച്ചില്ലായെങ്കിൽ പ്രസ്തുത വിവരവും കമ്മീഷണർ സർക്കാരിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

1. കുമാരി ട്രീസ ജോളി, തൈക്കൽ, ചുണ്ട പി.ഒ, ചെറുപുഴ, കണ്ണൂർ. 670511 (***Through Speed Post with Acknowledgment***)
2. കമ്മീഷണർ, സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

5. സെക്രട്ടറി, കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം.
6. പൊതുഭരണ (എസ്.സി) വകുപ്പ്. **02/03/2026** *ലെ ഇനം നം.* ***3801*** *പ്രകാരം*).
7. ധനകാര്യ (വ്യയം -എ) വകുപ്പ്. (***31/01/2026*** *ലെ* ***EXP-A2/602/2025-FIN*** *പ്രകാരം*).
8. കായിക യുവജനകാര്യ (എ) വകുപ്പ്.
9. നികുതി (ഡി) വകുപ്പ്.
10. ഐ & പി ആർ (വെബ് & ന്യൂ) മീഡിയ വകുപ്പ്. (*ഉത്തരവ് സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി*)
11. കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (എസ്ഡി1/145/2025/ജിഎഡി)

*ഉത്തരവിൻ പ്രകാരം*
Signed by
Badusha S
Date: 04-03-2026 16:55:14
*സെക്ഷൻ ഓഫീസർ*

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 02-03-2026**

ഫയൽ നം. എസ്.ഡി.1/145/2025/ജി.എ.ഡി. ഇനം നം: 3801

വിഷയം : പൊതുഭരണ വകുപ്പ് - 2022-ൽ ഇംഗ്ലണ്ടിലെ ബിർമിംഗ്ഹാമിൽ വെച്ച് നടന്ന 22-ാമത് കോമൺവെൽത്ത് ഗെയിംസിൽ ഇന്ത്യക്കായി രണ്ട് മെഡലുകൾ നേടിയ കുമാരി ട്രീസ ജോളി-ക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുഭരണ വകുപ്പ്.

9m 4/03/26 12:30.

3801

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നം. | : | എസ്.ഡി.1/145/2025-ജിഎഡി |
| 2 | വകുപ്പ് | : | പൊതുഭരണ (സർവീസസ്-ഡി) വകുപ്പ് |
| 3 | വിഷയം | : | 2022 ൽ ഇംഗ്ലണ്ടിലെ ബിർമിംഗ്ഹാമിൽ വെച്ച് നടന്ന 22-ാമത് കോമൺവെൽത്ത് ഗെയിംസിൽ ഇന്ത്യക്കായി രണ്ട് മെഡലുകൾ നേടിയ കുമാരി ട്രീസ ജോളി-ക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 19/02/2026 |
| 5 | i. ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | ii. സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. സുധ ബി. |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ. ബിജു |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 23/02/2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 24/02/2026 |
| 12 | കുറിപ്പ് അംഗീകരിച്ച മുഖ്യമന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യമന്ത്രി അംഗീകരിച്ച തീയതി | : | 27/02/2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 28/02/2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

2022 ൽ ഇംഗ്ലണ്ടിലെ ബിർമിംഗ്ഹാമിൽ വെച്ച് നടന്ന 22-ാമത് കോമൺവെൽത്ത് ഗെയിംസിൽ ഇന്ത്യക്കായി രണ്ട് മെഡലുകൾ നേടിയ കുമാരി ട്രീസ ജോളി-ക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പിലെ വിഷയം.

2) 02/09/2022 ലെ സ.ഉ.(കൈ)നം.7/2022/SYA പ്രകാരം 22-ാമത് കോമൺവെൽത്ത് ഗെയിംസിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് മെഡലുകൾ നേടിയ ശ്രീ. എൽദോസ് പോൾ, ശ്രീ. അബ്ദുള്ള അബൂബക്കർ, ശ്രീ. ശ്രീശങ്കർ എം., കുമാരി. ട്രീസ ജോളി എന്നിവർക്ക് സ്പോർട്സ് ക്വാട്ട നിയമനത്തിനായുള്ള ഒഴിവുകളിൽ ഉൾപ്പെടുത്തി നൽകാൻ സർക്കാർ തീരുമാനിച്ചിരുന്നു. ഇവരുടെ അടിസ്ഥാന യോഗ്യത പരിഗണിച്ച് യുക്തമായ നിർദ്ദേശങ്ങൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ സമർപ്പിക്കേണ്ടതാണെന്നും ഉത്തരവായിരുന്നു. ഇതിൽ ബാഡ്മിന്റൺ കായിക താരമായ കുമാരി ട്രീസ ജോളി, തൈക്കൽ, ചുണ്ട പി. ഒ., ചെറുപുഴ, കണ്ണൂർ - 670511 നിയമനം നൽകുന്നതിനായി കായിക യുവജനകാര്യ (എ) വകുപ്പ് ഫയൽ ശിപാർശ ചെയ്ത് ഈ വകുപ്പിലേക്ക് കൈമാറിയിട്ടുണ്ട്.

3) കുമാരി ട്രീസ ജോളിയുടെ സർട്ടിഫിക്കറ്റുകൾ പരിശോധിക്കുന്നതിലേക്കായി കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിരുന്നു. കുമാരി ട്രീസ ജോളി സമർപ്പിച്ച നിവേദനവും കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ടും പ്രകാരം ടിയാൾക്ക് ചുവടെ ചേർത്തിരിക്കുന്ന അന്താരാഷ്ട്ര കായിക നേട്ടങ്ങളുണ്ട്.

1. 2022 ലെ കോമൺവെൽത്ത് ഗെയിംസിൽ മിക്സഡ് ടീം ഇനത്തിൽ വെള്ളി മെഡലും വനിത ഡബിൾസിൽ വെങ്കല മെഡലും നേടി.
2. 2024 ലെ ഏഷ്യൻ ബാഡ്മിന്റൺ ടീം ചാമ്പ്യൻഷിപ്പിൽ സ്വർണമെഡൽ നേടി.
3. 2023 ഏഷ്യൻ ബാഡ്മിന്റൺ മിക്സഡ് ടീം ചാമ്പ്യൻഷിപ്പിൽ വെങ്കല മെഡൽ നേടി.
4. 2023 ലെ Yonex ആൾ ഇംഗ്ലണ്ട് ഓപ്പൺ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ വെങ്കലമെഡൽ നേടി.
5. 2024 ലെ സെയ്ദ് മോദി ഇന്റർനാഷണലിൽ സ്വർണമെഡൽ നേടി.

4) ഇത് കൂടാതെ 2023 ൽ നടന്ന ഏഷ്യൻ ഗെയിംസിൽ പങ്കെടുക്കുകയും മറ്റ്

നിരവധി അന്താരാഷ്ട്ര ടൂർണമെന്റുകളിൽ പങ്കെടുക്കുകയും മെഡലുകൾ നേടുകയും ചെയ്തിട്ടുണ്ട്. ലോക ബാഡ്മിന്റൺ റാങ്കിംഗിൽ 9-ാം റാങ്ക് വരെ എത്തിയിട്ടുള്ള കുമാരി ട്രീസ ജോളി നിലവിൽ ഗായത്രി ഗോപിചന്ദ് പുല്ലേലയുമായി ചേർന്ന് വനിത ഡബിൾസിൽ 12-ാം റാങ്കിലാണ് ടിയാളുടെ ജനനത്തീയതി 27/05/2003 ഉം കണ്ണൂർ സർവ്വകലാശാലയിൽ നിന്നും ബി.ബി.എ. ബിരുദം നേടിയിട്ടുമുണ്ട്. കുമാരി ട്രീസ ജോളി നിലവിൽ സജീവമായി കായികരംഗത്ത് തുടരുന്നതിനാൽ 20/05/2006 ലെ സ.ഉ.(കൈ)നം. 127/2006/പൊഭവ, 23/03/2018 ലെ സ.ഉ.(കൈ)നം.71/2018/പൊഭവ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം സൂപ്പർന്യൂമററി തസ്തികയിൽ നിയമനം ലഭിക്കാൻ അർഹതയുണ്ട്.

5) തുടർന്ന്, കുമാരി ട്രീസ ജോളിയെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ ഓഡിറ്ററുടെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമിക്കുന്നത് പരിഗണിക്കുന്നതിൽ ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തിരുന്നു. പ്രസ്തുത നിർദ്ദേശം ചീഫ് സെക്രട്ടറി അംഗീകരിക്കുകയും തുടർന്ന് ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവാകുകയും ചെയ്തിരുന്നു.

6) മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പുകൾ സഹിതം ഫയൽ സമർപ്പിച്ചപ്പോൾ കുമാരി ട്രീസ ജോളിക്ക് നിയമനാനുമതി ഉത്തരവ് പുറപ്പെടുവിച്ചപ്പോൾ ടിയാൾ ബിരുദം നേടിയിട്ടില്ലെന്നും അതിനാൽ ബിരുദ യോഗ്യതയുള്ള തസ്തികയിലേക്ക് നിയമനം ലഭിക്കാൻ ടിയാൾക്ക് അർഹതയില്ലെന്നും ചീഫ് സെക്രട്ടറി ചൂണ്ടിക്കാണിക്കുകയുണ്ടായി. കൂടാതെ ഫയലിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടിയിട്ടില്ലെന്നും അഭിപ്രായപ്പെടുകയുണ്ടായി. തുടർന്ന് മന്ത്രിസഭായോഗത്തിനുള്ള കുറിപ്പുകൾ ഭേദഗതി വരുത്തുവാൻ ചീഫ് സെക്രട്ടറി ഉത്തരവായി.

7) 02/09/2022 ലെ സ.ഉ.(കൈ) നം. 7/2022/കായുവ പ്രകാരം 4 കായികതാരങ്ങൾക്കാണ് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നതിന് തീരുമാനിച്ചിരുന്നത്. മറ്റ് 3 കായികതാരങ്ങളായ ശ്രീശങ്കർ എം, അബ്ദുള്ള അബൂബക്കർ, എൽദോസ് പോൾ എന്നിവർ നാളിതുവരെ ഇത്തരത്തിൽ നിയമനം ആവശ്യപ്പെട്ട്

അപേക്ഷകളൊന്നും ലഭ്യമാക്കിയിട്ടില്ല. കായികയുവജനകാര്യ വകുപ്പോ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലോ ഇക്കാര്യത്തിൽ ശിപാർശകൾ ലഭ്യമാക്കിയിട്ടുമില്ല. ചീഫ് സെക്രട്ടറിയുടെ ഉത്തരവ് പ്രകാരം ഫയൽ ധനകാര്യ വകുപ്പിലേക്ക് അയച്ചിരുന്നു. ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കും പ്രകാരമാണ്.

*ശ്രീ.എൽദോസ് പോൾ, ശ്രീ. അബ്ദുള്ള അബൂബക്കർ, ശ്രീ. ശ്രീശങ്കർ എം, കുമാരി ട്രീസ ജോളി എന്നിവർക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസൃതമായി സ്പോർട്സ് ക്വാട്ട നിയമനത്തിന് മാറ്റിവെച്ചിട്ടുള്ള 50 തസ്തികകളിൽ നിന്നും 4 ഒഴിവുകൾ നീക്കിവെച്ച് നിയമനം നൽകുവാനാണ് മന്ത്രി സഭാ തീരുമാനം. കുമാരി. ട്രീസ ജോളിയുടെ സർക്കാർ ജോലിയ്ക്ക് പരിഗണിയ്ക്കാൻ കഴിയുന്ന കായിക നേട്ടം ആർജിച്ചത് 2022 വർഷത്തിൽ ആണെങ്കിൽ 2022 വർഷത്തെ കായിക നേട്ടം അടിസ്ഥാനപ്പെടുത്തി Sports Quata നിയമന പദ്ധതി പ്രകാരമുള്ള നിയമനം ഇതുവരെ നടത്തിയിട്ടില്ല എന്നതിനാൽ ടിയാരിക്ക് Sports Quata നിയമന പദ്ധതി പ്രകാരമുള്ള ഒഴിവിൽ നിയമനം നൽകാവുന്നതാണ് എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു. ടിയാരിക്ക് നിയമനം നൽകുന്നതിന് മന്ത്രി സഭ തീരുമാനം കൈക്കൊണ്ടിട്ടുള്ള സാഹചര്യത്തിൽ സെലക്ഷൻ നടപടി ക്രമങ്ങൾ സ്വീകരിക്കാതെ തന്നെ 2022 വർഷത്തേക്ക് സ്പോർട്സ് ക്വാട്ട നിയമനം നടത്തുന്നതിനുള്ള ഒരു ഒഴിവ് കുമാരി ട്രീസ ജോളിയ്ക്ക് നൽകാവുന്നതാണ് എന്നും 2.09.2022 ൽ അപേക്ഷകയ്ക്കുണ്ടായിരുന്ന വിദ്യാഭ്യാസ യോഗ്യതയ്ക്കനുസൃതമായി നിയമനം നൽകാവുന്നതാണ് എന്നും ഏതെങ്കിലും വകുപ്പിൽ നിലവിലുള്ള ക്ലാർക്ക് തസ്തികയിൽ ടിയാരിയെ നിയമിക്കുന്നതിന് ഭരണ വകുപ്പിന് തീരുമാനമെടുക്കാവുന്നതാണ് എന്നും അറിയിക്കുന്നു. സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കേണ്ടുന്ന പക്ഷം നിയമിക്കപ്പെടാൻ ഉദ്ദേശിക്കുന്ന ഓഫീസ് വ്യക്തമാക്കി പ്രൊപ്പോസൽ ലഭ്യമാക്കണം എന്നും അറിയിക്കുന്നു.*

*ഇതിന് പ്രാപ്തനായ അധികാരിയുടെ അംഗീകാരമുണ്ട്.*

8) അപേക്ഷക നിലവിൽ കായികരംഗത്ത് തുടരുന്നതായും ഹൈദരാബാദിലെ ഗോപീചന്ദ് അക്കാദമയിലാണ് പരിശീലനം നടത്തുന്നതെന്നും കണ്ണൂർ ജില്ലയിലെ പയ്യന്നൂർ താലൂക്കിലാണ് ടിയാൾ ഉൾപ്പെടുന്നതെന്നും അറിയിച്ചിട്ടുണ്ട്. തുടർന്ന് ടിയാളെ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ ടാക്സ് പേയർ സർവീസസ് സർക്കിൾ പയ്യന്നൂർ, സ്റ്റേറ്റ് ടാക്സ് ഓഫീസറുടെ കാര്യാലയത്തിൽ ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമിക്കുന്നതിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി ഫയൽ വീണ്ടും ധനകാര്യ വകുപ്പിന് കൈമാറിയിരുന്നു. ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ

ചേർക്കും പ്രകാരമാണ്.

*കുമാരി ട്രീസ ജോളിയ്ക്ക് വേണ്ടി സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ ടാക്സ് പേയർ സെർവീസസ് സർക്കിൾ, പയ്യന്നൂർ, സ്റ്റേറ്റ് ടാക്സ് ഓഫീസറുടെ കാര്യാലയത്തിൽ ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിയ്ക്കുന്നതിന് അനുമതി നൽകുന്നു. ഇതിന്* **ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ** *അംഗീകാരമുണ്ട്.*

9) തുടർന്ന് ഫയൽ ബഹു.മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

**1)** 2022 ലെ 22-ാമത് കോമൺവെൽത്ത് ഗെയിംസിൽ ഇന്ത്യക്കുവേണ്ടി രണ്ട് മെഡലുകൾ നേടിയ കുമാരി ട്രീസ ജോളിക്ക് , സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ ടാക്സ് പേയർ സർവീസസ് സർക്കിൾ, പയ്യന്നൂർ, സ്റ്റേറ്റ് ടാക്സ് ഓഫീസറുടെ കാര്യാലയത്തിൽ ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തിക (26500-60700 ശമ്പളസ്കെയിലിൽ) സൃഷ്ടിച്ച് നിയമിക്കുന്നതിന് അനുമതി നൽകാവുന്നതാണോ ?

**2)** കുമാരി ട്രീസ ജോളിക്ക് നൽകുന്ന നിയമനത്തിന് ആനുപാതികമായി, 2023 വർഷത്തെ ടീം ഈവന്റ്സ് ക്വാട്ടയിൽ നിന്ന് ഒരു ഒഴിവ് കുറവ് വരുത്തുന്നതിന് അനുമതി നൽകാമോ ? ഈ കുറവ് 2020-2024 കാലയളവിലേക്കുള്ള വിജ്ഞാപനംപുറപ്പെടുവിക്കുന്ന ഘട്ടത്തിൽ ക്രമീകരിക്കാവുന്നതാണോ ?